## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2162

22.01.2014-ലെ മറുപടിക്ക്

### ജയിലുകളിലെ തസ്തികകൾ

ചോദ്യം

ശ്രീ. സണ്ണി ജോസഫ്

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ജയിലുകളിലെ നിലവിലുള്ള തസ്തികകൾ എത്ര; | എ) 1802 തസ്തികകളാണ് നിലവിൽ ജയിലുകളിലുള്ളത്. |
| ബി) ഇതിൽ എത്ര തസ്തികകളിലാണ് സ്ഥിരനിയമനം നടത്തിയിട്ടുള്ളത് | ബി) 1397 തസ്തികകളിൽ സ്ഥിര നിയമനം നടത്തിയിട്ടുണ്ട്. |
| സി) താത്ക്കാലിക നിയമനം എത്രയാണ്; | സി) 389 പേരാണ് താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ളത്. |
| ഡി) സെൻട്രൽ ജയിൽ പോലുള്ള സ്ഥലങ്ങളിൽ പരിശീലനം ഇല്ലാത്തവരെ നിയമിക്കുന്നത് സുരക്ഷിതമാണോ? | ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തപ്പോൾ സെൻട്രൽ ജയിലുകൾ ഉൾപ്പെടെയുള്ള ജയിൽ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ദിവസവേതനാടിസ്ഥാനത്തിലും പരിശീലനം ഇല്ലാത്തവരെ വാർഡർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചുവരുന്നുണ്ടെങ്കിലും ഇത്തരത്തിൽ നിയമിക്കപ്പെടുന്നവർക്ക് ജയിലിനകത്ത് മുഖ്യ ഉത്തരവാദിത്തങ്ങൾ നൽകാറില്ല എന്നതിനാൽ സുരക്ഷയിൽ വീഴ്ചയുണ്ടാകുന്നതല്ല. |

സെക്ഷൻ ഓഫീസർ